**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1361** — **15-06-2012 - ലെ മറുപടിയ്ക്ക്**

**കാർഷിക വിപണിയിൽ ഇടപെടുന്നതിനുള്ള സഹായം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>„ കെ. വി. വിജയദാസ്<br>„ റ്റി. വി. രാജേഷ്<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

(എ) കാർഷികവിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതി പ്രകാരം 2011-12 പുതുക്കിയ ബജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു;

(ബി) ഈ തുക ഏതെല്ലാം സംഭരണ ഏജൻസികൾക്ക് നൽകിയെന്ന് കണക്കു തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി**

(എ) കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതിപ്രകാരം 2011-2012 പുതുക്കിയ ബജറ്റിൽ 906.85 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

(ബി)

| | **സംഭരണ ഏജൻസികൾ** | **തുക ലക്ഷത്തിൽ** |
|---|---|---|
| 1. | സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡിന്റെ നടത്തിപ്പു ചെലവിന് | 15.00 |
| 2. | തൂപ്രം പാടശേഖര സമിതിക്ക് 2002-03 ൽ നെല്ല് സംഭരിച്ചതിനുള്ള ഹാൻഡ്‌ലിംഗ് ചാർജ്ജ് | 2.43675 |
| 3. | റബ്ബർ മാർക്കിന് 2002-03 ൽ റബ്ബർ സംഭരിച്ചതിന്റെ സബ്സിഡിയും ഹാൻഡ്‌ലിംഗ് ചാർജ്ജും. | 456.8401 |
| 4. | കൃഷി വകുപ്പിലൂടെ ഓണം പച്ചക്കറി ചന്ത നടത്തിയതിന് ജില്ലകൾക്ക് വിതരണം ചെയ്തത് | 54.00 |
| 5. | ഓണം പച്ചക്കറി മേള -വി.എസ്.പി.സി.കെ | 35.00 |
| 6. | ഓണം പച്ചക്കറി മേള - ഹോർട്ടികോർപ്പ് | 80.00 |
| 7. | ഓണം പച്ചക്കറി മേള - സ്റ്റേറ്റ് ഹോർട്ടികൾച്ചർമിഷൻ | 15.00 |
| 8. | ഹോർട്ടികോർപ്പിന് കൃഷി വകുപ്പിന്റെ 6 മൊത്ത വ്യാപാര വിപണികളിലെ ലേലത്തിൽ പങ്കെടുത്ത് വിപണി ഇടപെടൽ നടത്തുന്നതിന്. | 50.00 |

| | | |
|---|---|---|
| 9. | ഹോർട്ടികോർപ്പിന് മരച്ചീനി സംഭരണം നടത്തിയതിന് | 80.00 |
| 10 | കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിൽ ഏലം ഉൾപ്പെടുത്തിയതിനാൽ വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുന്നതിന് | 100.00 |
| | **ആകെ** | **888.2768** |

(സി) ഏതെല്ലാം കാർഷികോൽപന്നങ്ങളാണ് ഈ പദ്ധതിയിൻപ്രകാരം 2011-12 വർഷത്തിൽ സംഭരണം നടത്തിയത്;

(സി) 2011-12 വർഷത്തിൽ പച്ചക്കറി, മരച്ചിനി എന്നിവ സംഭരിച്ചിരുന്നു. കൂടാതെ ഏലം വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് വിലസ്ഥിരതാ ഫണ്ട് രൂപീകരണവും നടത്തിയിരുന്നു.

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ഡി) ഉണ്ട്. ഈ പദ്ധതിയിലൂടെ വിപണി ഇടപെടൽ നടത്തുന്നതുമൂലം കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുകയും ചെയ്യുന്നു. അങ്ങനെ കാർഷികോത്പന്നങ്ങളുടെ വിപണി വില കാലാ കാലങ്ങളിൽ നിയന്ത്രണ വിധേയമാക്കുന്നതിന് പദ്ധതി പ്രവർത്തനം പ്രയോജനപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**